# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 12**

---

## എം.ജി സർവകലാശാല ഓൺലൈൻ എംകോം, എംബിഎ; സെപ്റ്റംബർ 15 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഓൺലൈൻ എം.കോം, എംബിഎ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി സെപ്റ്റംബർ 15 വരെ നീട്ടി. റഗുലർ ബിരുദാനന്തര പ്രോഗ്രാമുകൾക്കു തുല്യമായി യുജിസി അംഗീകരിച്ച ഈ പ്രോഗ്രാമുകൾ തൊഴിലിനും തുടർ വിദ്യാഭ്യാസത്തിനുമുള്ള യോഗ്യതയായി പരിഗണിക്കപ്പെടുന്നതാണ്.

വിദ്യാർഥികളുടെ സമയവും സൗകര്യവുമനുസരിച്ച് പഠസമയം ക്രമീകരിക്കുന്നതിനുള്ള സൗകര്യം, വിദഗ്ധ അധ്യാപകരുടെയും വ്യവസായ മേഖലയിൽ സ്പെഷ്യലൈസ് ചെയ്യുന്നവരുടെയും നേതൃത്വത്തിലുള്ള ക്ലാസുകൾ, പ്രവേശനം മുതൽ ബിരുദദാനം വരെ കൃത്യമായ സ്ക്രീനിംഗ് സംവിധാനം, കുറഞ്ഞ പഠനച്ചിലവ് തുടങ്ങിയവ ഈ പ്രോഗ്രാമുകളുടെ പ്രത്യേകതയാണ്.

എല്ലാ നടപടിക്രമങ്ങളും ഓൺലൈനിൽ ക്രമീകരിച്ചിരിക്കുന്നതിനാൽ പഠനത്തിന്റെ ഒരു ഘട്ടത്തിലും വിദ്യാർഥികൾ സർവകലാശായിൽ നേരിട്ട് എത്തേണ്ടതില്ല. പ്രോഗ്രാമുകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ https://cdoe.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. ഫോൺ-8547992325, 8547852326, 8547010451, 0481 2733293, 0481 2733405

(പി.ആർ.ഒ/39/727/2024)

## വൈവ വോസി

നാലാം സെമസ്റ്റർ എംഎഡ് (2022 അഡ്മിഷൻ റെഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മെയ് 2024)

പരീക്ഷയുടെ വൈവാവോസി പരീക്ഷ ഓഗസ്റ്റ് 19ന് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/728/2024)

## പരീക്ഷക്ക് അപേക്ഷിക്കാം

രണ്ടാം സെമസ്റ്റർ എംഎഡ് (2023 അഡ്മിഷൻ റെഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരിക്ഷകൾ സെപ്റ്റംബർ രണ്ടു മുതൽ നടക്കും. ഓഗസ്റ്റ് 22 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഓഗസ്റ്റ് 23ന് ഫൈനോടു കൂടിയും ഓഗസ്റ്റ് 24ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

.........................

ഒന്നും രണ്ടും സെമസ്റ്റർ എംഎ, എംഎസ്സി, എംകോം പ്രൈവറ്റ് രജിസ്ട്രേഷൻ(2018 അഡ്മിഷൻ സപ്ലിമെന്ററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014, 2015 അഡ്മിഷനുകൾ അവ സാന മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഓഗസ്റ്റ് 29 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഓഗസ്റ്റ് 31ന് ഫൈനോടു കൂടിയും സെപ്റ്റംബർ രണ്ടിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/729/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ നനോസയൻസ് ആന്റ് നാനോടെകനോളജിയിൽ എംടെക് പോളിമർ സയൻസ് ആന്റ് എൻജിനീയറിംഗ് പ്രോഗ്രാമിൽ എതാനും സീറ്റുകൾ ഒഴിവുണ്ട്.

അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുമായി ഓഗസ്റ്റ് 16ന് രാവിലെ 10.30ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (https://iiucnn.mgu.ac.in)

ഫോൺ-(8075696733,9744278352)

........................

സ്കൂൾ ഓഫ് പോളിമെർ സയൻസ് ആന്റ് ടെക്നോളജി നടത്തുന്ന എംഎസ്സി ഇൻഡസ്ട്രിയൽ പോളിമെർ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ ജനറൽ മെറിറ്റിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത സംബന്ധിച്ച വിശദ വിവരങ്ങൾ https://cat.mgu.ac.in/schoolpolymer.php എന്ന ലിങ്കിൽ.

അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുടെ അസ്സലുമായി ഓഗസ്റ്റ് 16ന് ഉച്ചയ്ക്ക് 12.30ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലകസ്) എത്തണം. ഫോൺ-9562578730, 9400201036.

........................

എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോടെകനോളജി കണ്ണൂർ സർവകലാശാലയുമായി ചേർന്നു നടത്തുന്ന എംഎസ്സി കെമിസ്ട്രി നാനോസയൻസ് ആന്റ് നാനോടെക്നോളജി ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ഓഗസ്റ്റ് 14ന് സ്പോട്ട് അഡ്മിഷൻ നടത്തും. ജനറൽ മെറിറ്റ്-3, ഒഇസി(എസ്.ടി)-2, എസ്ഇബിസി -1 എന്നിങ്ങനെയാണ് ഒഴിവുകളുടെ എണ്ണം.

അർഹരായവർ രാവിലെ 11.30ന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (https://nnsst.mgu.ac.in) ഫോൺ -9995108534, 9188606223.

........................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എംടെക്, എംഎസ്സി പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ഓഗസ്റ്റ് 14ന് സ്പോട്ട് അഡ്മിഷൻ നടത്തും. എംഎസ്സി ഫിസിക്സ് നാനോസയൻസ് ആന്റ് നാനോ ടെക്നോളജി(ജനറൽ-1) എംഎസ്സി കെമിസ്ട്രി നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി(ജനറൽ-1), എംടെക് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി (ജനറൽ-9), എന്നിങ്ങനെയാണ് ഒഴിവുകളുടെ എണ്ണം.

അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുടെ അസ്സലുമായി രാവിലെ 11.30ന് മുൻപ് വകുപ്പ് ഓഫീസിൽ (റൂം നമ്പർ 302 കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ(https://snsnt.mgu.ac.in/) ഫോൺ- 9995108534,9188606223

(പി.ആർ.ഒ/39/730/2024)

## <u>പ്രാക്ടിക്കൽ</u>

രണ്ടാം സെമസ്റ്റർ എംഎസ്സി ഫിസിക്സ്, സ്പേസ് സയൻസ് സിഎസ്എസ് (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പീയറൻസ് ഏപ്രിൽ 2024 ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 19ന് ആരംഭിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ

........................

രണ്ടാം സെമസ്റ്റർ ബിവോക്ക് പ്രിന്റിംഗ് ടെക്നോളജി (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പീയറൻസ് ജൂൺ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 14 ന് നട്ക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ

........................

നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ് (2022 അഡ്മിഷൻ റഗുലർ, ജൂലൈ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 21 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/731/2024)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് പിജിസിഎസ്എസ് (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 24 വരെ സമർപ്പിക്കാം

........................

നാലാം സെമസ്റ്റർ എംഎ ഇക്കണോമിക്സ് പിജിസിഎസ് (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 27 വരെ സമർപ്പിക്കാം

(പി.ആർ.ഒ/39/732/2024)

## കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എജ്യുക്കേഷനിവൽ ടെക്നിക്കൽ അസിസ്റ്റന്റ് (ഓഡിയോ വീഡിയോ എഡിറ്റിംഗ്) തസ്തികയിൽ ഇ.ബി.റ്റി വിഭാഗത്തിൽ ഒരു താത്കാലിക ഒഴിവുണ്ട്. ഈ വിഭാഗത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മറ്റ് പിന്നോക്ക വിഭാഗങ്ങളിൽ പെട്ടവരെയും പ്രസ്തുത വിഭാഗക്കാരുടെ അഭാവത്തിൽ പൊതു വിഭാഗത്തിൽ ഉള്ളവരെയും പരിഗണിക്കും.

(പി.ആർ.ഒ/39/733/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**